# ഫാക്ട് ട്രെയിനിംഗ് സെന്റർ

## ഹെഡ് ഓഫീസ്, ഉദ്യോഗമണ്ഡൽ

Ph: (Off: 0484-2567467, 2567583, 9447745176, 9895850742, Email: mtrg@factltd.com

കേരള സർക്കാർ അംഗീകാരമുള്ള, എഫ് എ സി ടി യിൽ നടത്തി വരുന്ന ഒരു വർഷത്തെ **ഫയർ ആന്റ് സേഫ്റ്റി എൻജിനീയറിംഗ് ഡിപ്ലോമ (ആൺകുട്ടികൾക്കു മാത്രം) കോഴ്സിന്റെ,** ആഗസ്റ്റ് 2018 ബാച്ചിലേയ്ക്ക് പ്രവേശനം ആരംഭിച്ചു.

**വിദ്യാഭ്യാസയോഗ്യത** : പ്ലസ് ടു / വി. എച്ച്. എസ്. സി / രണ്ടു വർഷത്തെ ഐ ടി ഐ ഇവയിൽ ഏതെങ്കിലും ഒരു കോഴ്സ് പാസ്സായിരിക്കണം.

**പ്രായം:** 2018, ജൂലൈ 1 ന് 24 വയസ്സ് കവിയരുത്. സംവരണ വിഭാഗങ്ങൾക്ക് നിയമാനുസൃതമായ ഇളവ് ലഭിക്കും (എസ് സി എസ് ടി വിഭാഗത്തിന് 5 വയസ്സ്, ഒ ബി സി വിഭാഗത്തിന് 3 വയസ്സ്)

അഭ്യാസമുറകൾ പാഠ്യവിഷയത്തിൽ ഉൾപ്പെട്ടിട്ടുള്ളതിനാൽ അപേക്ഷകർ താഴെപറയുന്ന ശാരീരിക യോഗ്യതകൾ ഉള്ളവരായിരിക്കണം:

ഉയരം 167 സെ. മീ.
തൂക്കം 50 കിലോ
നെഞ്ചളവ് സാധാരണ നിലയിൽ 81 സെ. മീറ്ററും വികസിതനിലയിൽ 86 സെ. മീറ്ററും ഉണ്ടാവണം.

ഫോട്ടോ പതിപ്പിച്ച അപേക്ഷയോടൊപ്പം വയസ്സ്, വിദ്യാഭ്യാസയോഗ്യത, സംവരണത്തിനുള്ള യോഗ്യത ഇവ തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റിന്റെ കോപ്പികളും വേണം. അപേക്ഷാഫോറത്തിന്റെ മാതൃക എഫ് എ സി ടി വെബ്സൈറ്റ് www.fact.co.in ൽ ലഭ്യമാണ്.

യോഗ്യതാപരീക്ഷയിൽ ലഭിച്ചിട്ടുള്ള മാർക്ക്, എഴുത്ത്പരീക്ഷ, കാര്യക്ഷമതാപരീക്ഷ, ഇന്റർവ്യൂ എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കും വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നത്.

തെരഞ്ഞെടുക്കപ്പെടുന്നവർക്ക് നിശ്ചിത തീയതിക്കകം ഫീസടയ്ക്കുന്നതിനുള്ള അറിയിപ്പ് ലഭിക്കും. യോഗ്യതാ ലിസ്റ്റിലെ മുൻഗണനാക്രമം മാത്രം അനുസരിച്ചായിരിക്കും വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുക. താമസസൗകര്യം നൽകും.

അപേക്ഷകൾ **2018 ജൂൺ 20-ാം തീയതിക്കു** മുൻപായി താഴെപ്പറയുന്ന വിലാസത്തിൽ ലഭിച്ചിരിക്കണം.

**ചീഫ് ജനറൽ മാനേജർ (ട്രെയിനിംഗ് & ഡെവലപ്മെന്റ്)**
**ഫാക്ട് ട്രെയിനിംഗ് സെന്റർ**
**ഹെഡ് ഓഫീസ്, ഉദ്യോഗമണ്ഡൽ**

കൂടുതൽ വിവരങ്ങൾക്ക് 0484-2567467, 9446665974 എന്നീ നമ്പരുകളിൽ ഫാക്ട് ട്രെയിനിംഗ് സെന്ററുമായി ബന്ധപ്പെടുക.